**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

18.12.2021

# പത്രക്കുറിപ്പ്

## ‘പുഴയൊഴുകും മാണിക്കൽ’ സംസ്ഥാനത്തെ മാതൃകാ പുഴ പുനരുജ്ജീവന പദ്ധതിയാക്കും: ഡോ. ടി.എൻ.സീമ

### പദ്ധതിയുടെസംഘാടക സമിതി ഓഫീസ് ഉദ്ഘാടനം ചെയ്തു

ഹരിത കേരളം മിഷന്റെ നീർച്ചാൽ ശുചീകരണ യജ്ഞമായ ‘ഇനി ഞാൻ ഒഴുകട്ടെ’ പദ്ധതിയിൽ ഉൾപ്പെടുത്തി ‘പുഴയൊഴുകും മാണിക്കൽ’ സംസ്ഥാനത്തെ മാതൃകാ നദീശുചീകരണ പദ്ധതിയാക്കി മാറ്റുമെന്ന് നവകേരളം കർമ്മപദ്ധതി കോർഡിനേറ്റർ ഡോ. ടി.എൻ. സീമ. ഇതിനുള്ള പൂർണ്ണ പിന്തുണാ സംവിധാനവും മിഷൻ നൽകും. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷനും മാണിക്കൽ ഗ്രാമപഞ്ചായത്തും വിവിധ വകുപ്പുകളും ഏജൻസികളും ചേർന്ന് പൊതുജന പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്ന ‘പുഴയൊഴുകും മാണിക്കൽ’ പദ്ധതിയുടെ സംഘാടക സമിതി ഓഫീസ് പിരപ്പൻകോട് ജംഗ്ഷനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഡോ. ടി.എൻ.സീമ. ശാസ്ത്രീയവും ചിട്ടയോടെയുമുള്ള പ്രവർത്തനമാണ് നടപ്പാക്കേണ്ടത്. പദ്ധതിയുടെ വിജയത്തിലൂടെ തോടുകളുടെ ശുചീകരണം മാത്രമല്ല ശുചിത്വ-മാലിന്യസംസ്കരണം, കൃഷി, വിനോദ സഞ്ചാരം എന്നിവയുടെ പ്രോത്സാഹനവും സാധ്യമാകും. മാണിക്കൽ പഞ്ചായത്തിൽ വെമ്പായം മുതൽ ചന്നൂർ വരെയുള്ള വാർഡുകളിലൂടെ മാമം നദിയിൽ എത്തുന്ന പുഴ പൂർണ്ണമായും മാലിന്യമുക്തമാക്കി നീരൊഴുക്ക് സുഗമമാക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് പുഴയൊഴുകും മാണിക്കൽ. മാലിന്യവും കയ്യേറ്റങ്ങളും മറ്റുമായി നാശത്തിലെത്തി നിൽക്കുന്ന ജലസ്രോതസ്സിനെ പഴയ പ്രതാപത്തിലേക്ക് തിരികെ എത്തിക്കാനായി നാടൊരുമിക്കുകയാണ്. പുഴ വീണ്ടെടുക്കൽ പദ്ധതിക്ക് കരടു രൂപമായിട്ടുണ്ട്. ആദ്യഘട്ട പ്രവർത്തനമെന്ന നിലയിൽ കർഷകരെയും പ്രകൃതി സ്നേഹികളെയും പരിസ്ഥിതി പ്രവർത്തകരെയും സന്നദ്ധ സംഘടനകളെയും പങ്കെടുപ്പിച്ച് വാർഡ്തല യോഗങ്ങൾ നടന്നുവരികയാണ്. വൻ ജനപങ്കാളിത്തത്തോടെ പുഴയൊഴുകുന്ന വഴിയരികിലൂടെ പുഴ നടത്തവും വൈകാതെ സംഘടിപ്പിക്കും.

പഞ്ചായത്ത് പ്രസിഡന്റ് കുതിരകുളം ജയൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പദ്ധതി കോർഡിനേറ്റർ റ്റി. രാജേന്ദ്രൻ സ്വാഗതവും ആരോഗ്യ-വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സുരേഷ്കുമാർ നന്ദിയും പറഞ്ഞു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലേഖകുമാരി, ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി ഹരികുമാർ, ഹരിത കേരളം മിഷൻ ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

**പബ്ലിക് റിലേഷൻസ് ഓഫീസർ,**
**9895882812**

റ്റി.സി 2/3271(3)(4), ‘ഹരിതം’, കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in